1981-ൽ 100 ലക്ഷം രൂപ ബോർഡിൽനിന്നും കടം എടുത്തിരുന്നു. 30-11-1997 വരെ മുതലും പലിശയും ഉൾപ്പെടെ 2,78,33,263 രൂപ തിരിച്ചടച്ചിട്ടുണ്ട്. 31-3-2003-വരെ ബോർഡിന്റെ കണക്കനുസരിച്ച് 1,78,402 രൂപ മുതലും 1,65,268 രൂപ പലിശയും പിഴ പലിശയും ഉൾപ്പെടെ ആകെ 3,43,670 രൂപ കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷനിൽനിന്നും ബോർഡിന് പിരിഞ്ഞു കിട്ടാനുണ്ട്.

(2) ട്രാവൻകൂർ റയോൺസ്

1981-ൽ 90 ലക്ഷം രൂപ ട്രാവൻകൂർ റയോൺസ് ബോർഡിൽനിന്നും കടം എടുത്തിരുന്നു. 1998-99 വരെ 1,64,00,000 രൂപ തിരികെ ലഭിച്ചിട്ടുണ്ട്. 30-6-2003 വരെ ബോർഡിന്റെ കണക്കനുസരിച്ച് 5,76,16,162 രൂപ മുതലും പലിശയും പിഴ പലിശയും ഉൾപ്പെടെ ബോർഡിന് തിരിച്ചുകിട്ടാനുണ്ട്.

തൊഴിലാളി ക്ഷേമനിധികളുടേയും സുരക്ഷാ പദ്ധതികളുടേയും പുനഃസംവിധാനം

75 [3480] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള തൊഴിലാളി ക്ഷേമനിധികളും സുരക്ഷാ പദ്ധതികളും പുനഃസംവിധാനം ചെയ്യുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തൊഴിലാളി സാമൂഹിക സുരക്ഷാ പദ്ധതികൾ പുനഃസംവിധാനം ചെയ്യണം എന്നത് എം. ജി. പി. നിർദ്ദേശങ്ങളിൽ അടങ്ങിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്രകാരം ഒരു നിർദ്ദേശം ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

കർഷക തൊഴിലാളി ക്ഷേമനിധിബോർഡിൽനിന്നുള്ള ആനുകൂല്യങ്ങൾ

76 [3481] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്ന് അംഗങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്;

(ബി) പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള എത്ര തൊഴിലാളികളാണ് നിലവിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) അംഗങ്ങളിൽനിന്ന് നിലവിൽ പ്രതിമാസം അംശദായമായി എത്ര രൂപ യാണ് ഈടാക്കുന്നത്;

(ഡി) ഭൂവുടമകളിൽനിന്നും എത്ര രൂപയാണ് അംശദായം ഈടാക്കുന്നത്;

(ഇ) ഭൂവുടമകളിൽനിന്നും അംശദായം യഥാസമയം പിരിച്ചെടുക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഭൂവുടമകളിൽനിന്നും അംശദായം കൃത്യമായ ഇടവേളകളിൽ പിരിച്ചെ ടുക്കുന്നതിന് എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കർഷകത്തൊഴിലാളി ക്ഷേമനിധിബോർഡിൽനിന്ന് അംഗങ്ങൾക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു:

1. അതിവർഷാനുകൂല്യം
2. മരണാനന്തര ധനസഹായം
3. വിവാഹധനസഹായം
4. വിദ്യാഭ്യാസാനുകൂല്യം
5. ചികിത്സാ സഹായം
6. പ്രസവാനുകൂല്യം

(ബി) 31-5-2003-വരെ 18,17,996 തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്.

(സി) പ്രതിമാസം 2 രൂപ അംശദായമായി ഈടാക്കുന്നു.

(ഡി) അര ഹെക്ടർ മുതൽ 1 ഹെക്ടർവരെ കൃഷിഭൂമിയുള്ള കർഷകരിൽ നിന്നും 10 രൂപയും ഒരു ഹെക്ടറിന് മുകളിൽ ഓരോ ഹെക്ടറിനും 15 രൂപ വീതവും വാർഷിക ഭൂവുടമാ വിഹിതം ഈടാക്കുന്നു.

(ഇ, എഫ്) ഭൂവുടമാ വിഹിതം റവന്യൂ വകുപ്പ് കൃത്യമായി പിരിച്ചെടുക്കുന്നില്ല എന്ന് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി യതിനെത്തുടർന്ന് ആയത് ഭൂനികുതിയോടൊപ്പം യഥാസമയം പിരിച്ചെടുക്കാൻ വേണ്ട നടപടി സ്വീകരിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ

77 [3482] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. ലൂഡി ലൂയിസ്:
,, എ. പി. അനിൽകുമാർ:
,, ഡി. സുഗതൻ:
,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly